# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2978 — 15.02.2013-ലെ മറുപടിയ്ക്ക്

### പട്ടികജാതി വിഭാഗത്തിനായി സംവരണം ചെയ്ത എം. ടെക് സീറ്റുകൾ

| ചോദ്യം<br>ശ്രീ.വി.ശശി | ഉത്തരം<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) ഇത്തവണത്തെ എം.ടെക് അഡ്മിഷൻ പ്രോസ്പെക്ടസ് പ്രകാരം ആകെ എത്ര സീറ്റുകളിലേക്കാണ് അഡ്മിഷൻ ക്ഷണിച്ചിരുന്നത് ; വ്യക്തമാക്കുമോ ; | എ) 2012-13 വർഷത്തെ പ്രോസ്പെക്ടസ് പ്രകാരം 12 സർക്കാർ/ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ 936 എം.ടെക് സീറ്റുകളിലേയ്ക്കാണ് അപേക്ഷ ക്ഷണിച്ചത്. പിന്നീട് മൂന്ന് എയ്ഡഡ് കോളേജുകളിൽ പുതുതായി അനുവദിച്ച 120 സീറ്റുകളിലും പ്രവേശനം നടത്തുകയുണ്ടായി. |
| ബി) ഇതിൽ എത്ര സീറ്റുകൾ എസ്.സി. വിദ്യാർത്ഥികളുടെ അഡ്മിഷനുവേണ്ടി സംവരണം ചെയ്തിട്ടുണ്ട് ; വെളിപ്പെടുത്തുമോ ; | ബി) 2012-13 വർഷത്തെ പ്രോസ്പെക്ടസ് പ്രകാരം ആകെയുള്ള സീറ്റിന്റെ 15% പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനു വേണ്ടി സംവരണം ചെയ്തിട്ടുണ്ട്. |
| സി) പിന്നീട് 3 എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ എം.ടെക് കോഴ്സ് അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ അധികമായി എത്ര സീറ്റുകൾ അനുവദിച്ചു; ഇതിൽ എത്ര സീറ്റുകൾ എസ്.സി. വിഭാഗം വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തു ; വ്യക്തമാക്കുമോ ; | സി) 2012-13 അധ്യായന വർഷത്തിൽ 3 എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയതായി 120 സീറ്റുകൾ അനുവദിച്ചിട്ടുണ്ട്. ഈ സീറ്റുകളിലെ 15% പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി സംവരണം ചെയ്തിട്ടുണ്ട്. |
| ഡി) പുതുതായി കോഴ്സുകൾ അനുവദിക്കുന്നതിന് മുമ്പായി എത്ര എസ്.സി. വിദ്യാർത്ഥികൾക്ക് ഏതെല്ലാം കോളേജുകളിലായി അഡ്മിഷൻ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ ; | ഡി) സംസ്ഥാനത്തെ വിവിധ സർക്കാർ എയിഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ എം. ടെക് പ്രവേശനത്തിന് പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് മുൻപ് SC വിഭാഗത്തിൽപ്പെട്ട 114 വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കിയിട്ടുണ്ട്. ഓരോ കോളേജിലും പ്രവേശനം ലഭിച്ച SC വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| Sl.No. | Name of College | SC |
|---|---|---|
| 1 | GEC, Idukki | 5 |
| 2 | GEC, Kannur | 10 |
| 3 | GEC, Kozhikode | 4 |

| | | |
|---|---|---|
| 4 | MACE, Kothamangalam | 3 |
| 5 | NSSCE, Palakkad | 3 |
| 6 | RIT, Kottayam | 11 |
| 7 | GEC, Palakkad | - |
| 8 | GEC, Thrissur | 21 |
| 9 | TKMCE, Kollam | 5 |
| 10 | GEC, Wayanad | 2 |
| 11 | GEC Bartton Hill, TVPM | 6 |
| 12 | CET, TVPM | 44 |
| | | 114 |

(അഡ്മിഷൻ റദ്ദാക്കിയവർ ഇതിൽ ഉൾപ്പെടുന്നില്ല.)

ഇ) പുതിയ കോഴ്സുകൾ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ എത്ര എസ്.സി. വിദ്യാർത്ഥികൾക്ക് ഏതെല്ലാം കോളേജുകളിൽ അഡ്മിഷൻ നല്കി ; വ്യക്തമാക്കുമോ ;

ഇ) സംസ്ഥാനത്തെ 3 എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയതായി അനുവദിച്ച M.Tech കോഴ്സുകളിൽ SC വിഭാഗത്തിൽപ്പെട്ട 12 വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കിയിട്ടുണ്ട്. ഓരോ സ്ഥാപനത്തിലും പ്രവേശനം ലഭിച്ച SC വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| Sl. No. | Name of College | SC |
|---|---|---|
| 1 | MACE, Kothamangalam | 5 |
| 2 | TKMCE, Kollam | 4 |
| 3 | NSSCE, Palakkad | 3 |
| | | 12 |

എഫ്) ഈ വർഷം ആകെ എത്ര വിദ്യാർത്ഥികൾക്ക് എം.ടെക് ന് അഡ്മിഷൻ നല്കി; വെളിപ്പെടുത്തുമോ?

എഫ്) 2012-13 അദ്ധ്യായന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് എൻജിനീയറിംഗ് കോളേജുകളിൽ 1018 വിദ്യാർത്ഥികൾക്ക് എം.ടെക്കിന് പ്രവേശനം നല്കിയിട്ടുണ്ട്.
(അഡ്മിഷൻ റദ്ദാക്കിയവർ ഇതിൽ ഉൾപ്പെടുന്നില്ല.)

സെക്ഷൻ ഓഫീസർ